# ഗ്രേയ്സ് പെന്തക്കോസ്തൽ ചർച്ച്, ഫിലഡൽഫിയ

## ഭവനനിർമ്മാണസഹായം

സാമ്പത്തീകക്ലേശം അനുഭവിക്കുന്നവരും വിടുവയ്ക്കുവാൻ ആവശ്യമായ സ്ഥലം സ്വന്തമായുള്ളവരും ആയ പെന്തക്കോസ്തരായ 20 കുടുംബങ്ങൾക്ക് ഫിലഡൽഫിയയിലെ ഗ്രേയ്സ് പെന്തക്കോസ്തൽ ചർച്ച് സാമ്പത്തീകസഹായം നൽകുവാനാഗ്രഹിക്കുന്നു.

അപേക്ഷകർ സഭയിൽ നല്ല സാക്ഷ്യമുള്ളവരായിരിക്കണം. സാമ്പത്തിക സഹായത്തിനായി മറ്റെവിടെയെങ്കിലും അപേക്ഷിച്ചിട്ടുള്ളവരോ, ഗവൺമെൻറിൽ നിന്നോ മറ്റേതെങ്കിലും ഏജൻസികളിൽ നിന്നോ സഹായം ലഭിച്ചവരോ അപേക്ഷിക്കേണ്ടതില്ല. ഗുഡ്ന്യൂസ് ചാരിറ്റബിൾ സൊസൈറ്റി നിർദ്ദേശിക്കുന്ന പ്ലാനിലും വ്യവസ്ഥയിലും പണി നടത്തത്തക്കവിധം 25000 രൂപ വീതമായിരിക്കും സഹായം നൽകുന്നത്.

അപേക്ഷകനു സഭയുമായുള്ള ബന്ധം, സാമ്പത്തികനില, കുടുംബത്തിലെ ഓരോരുത്തരുടേയും ജോലി, അപേക്ഷകരുടെ ഇപ്പോളത്തെ താമസത്തിൻെറ വിവരം, സഹായം ലഭിച്ചാൽ സഭ ഉത്തരവാദിത്വമെടുത്ത് ഗുഡ്ന്യൂസ് ചാരിററബിൾ സൊസൈററി നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ പണി പൂർത്തിയാക്കുമോ എന്നീ കാര്യങ്ങൾ അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം. അപേക്ഷകൻെറ സാക്ഷ്യം (രണ്ടു പേജിൽ കവിയാതെ), സഭാശുശ്രൂഷകൻെറയും, സെൻറർശുശ്രൂഷകൻെറയും ലെറ്റർഹെഡിൽ എഴുതിയ ശുപാർശക്കത്ത് എന്നിവ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. അപേക്ഷ അയയ്ക്കുന്ന കവറിൻെറ പുറത്ത് “Application for GPC Charitable Housing Project” എന്നു എഴുതിയിരിക്കണം. A4 സൈസ് പേപ്പറിൽ ആയിരിക്കണം അപേക്ഷയും, സാക്ഷ്യവും എഴുതേണ്ടത്.

താഴെക്കാണുന്ന മാതൃകയിൽ എഴുതിയതോ, ചർച്ച് വെബ്സൈറ്റിൽ നിന്നും എടുക്കുന്നതോ ആയ അപേക്ഷയും, അപേക്ഷകൻെറ സാക്ഷ്യവും, ശുപാർശക്കത്തുകളും ഏപ്രിൽ 25–ന് മുമ്പ് ലഭിക്കത്തക്കവണ്ണം താഴെ കാണുന്ന ഗുഡ്ന്യൂസ് ചാരിറ്റബിൾ സൊസൈറ്റി വിലാസത്തിൽ അയയ്ക്കുക.

**ഗ്രേയ്സ് പെന്തക്കോസ്തൽ ചർച്ച്**
**ഫിലഡൽഫിയ**
*www.gpcpa.org*
പാസ്റ്റർ സാമുവൽ ജോൺ
സെക്രട്ടറി – ജോസഫ് പാലമറ്റം